പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5236 24.10.2011- ലെ മറുപടി

കൊല്ലം - വെറ്റമുക്ക് - ഭരണിക്കാവ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ കൊല്ലം - വെറ്റമുക്ക് വഴി ഭരണിക്കാവിന് കഴിഞ്ഞ 30 വർഷമായി ഉണ്ടായിരുന്ന സർവ്വീസ് മുടങ്ങിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കൊല്ലം ഡിപ്പോയിൽ നിന്നും വെറ്റമുക്ക് വഴി ഭരണിക്കാവിലേയ്ക്കുള്ള സർവ്വീസ് വരുമാനം വളരെ കുറവായതുകാരണം കഴിഞ്ഞ നാലു വർഷമായി നിർത്തിവച്ചിരിക്കുകയാണ്. കൊല്ലത്തു നിന്നും ഭരണിക്കാവ് വഴി പത്തനംതിട്ടയ്ക്കും കരുനാഗപ്പള്ളിയിൽ നിന്നും കൊട്ടാരക്കരയ്ക്കും 20 മിനിട്ട് ഗ്യാപ്പിൽ ചെയിൻ സർവ്വീസ് നടത്തി വരുന്നുണ്ട്. പുറമെ കരുനാഗപ്പള്ളിയിൽ നിന്ന് തെക്കുംഭാഗം വഴി ദളവാ പുരത്തേക്കും സർവ്വീസ് നടത്തി വരുന്നുണ്ട്. മേൽ സൂചിപ്പിച്ച സർവ്വീസുകൾ ആരംഭിച്ചതോടുകൂടി വെറ്റമുക്ക് വഴി ഭരണിക്കാവിലേയ്ക്കുള്ള സർവ്വീസിന് കളക്ഷൻ തീരെ കുറയുകയാണുണ്ടായത്. തൻമൂലമാണ് ടി സർവ്വീസ് നിർത്തിവയ്ക്കേണ്ടിവന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റൂട്ടിൽ യാത്രാ സൗകര്യം വളരെ കുറവായതിനാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ നിർത്തിവച്ച സർവ്വീസ് പുനഃരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (സി) | എങ്കിൽ ഇത് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ